**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6287** **17-03-2023 - ൽ മറുപടിയ്ക്ക്**

**തോട്ടം മേഖലയുടെ സമഗ്ര പരിഷ്കരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് തോട്ടം മേഖലയുടെ സമഗ്ര പരിഷ്കരണം നടപ്പാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | വ്യവസായ വകുപ്പിന്റെ കീഴിൽ രൂപീകരിച്ച പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ ആഭിമുഖ്യത്തിൽ തോട്ടം മേഖലയുടെ സമഗ്ര പരിഷ്കരണം ലക്ഷ്യമിട്ട് 2022-23 സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു :<br><br>1. സംസ്ഥാനത്തെ തോട്ടം മേഖലയിൽ ഉത്തരവാദിത്വ ഇക്കോ ടൂറിസം പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു സെമിനാർ കോഴിക്കോട് വച്ച് 06.01.2023-ൽ സംഘടിപ്പിച്ചു. കേരളത്തിലെ പ്ലാന്റേഷൻ മേഖലയിൽ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നവീനവും പ്രായോഗികവുമായ വിവിധ സാധ്യതകൾ തുറന്നു കാട്ടുന്നതായിരുന്നു സെമിനാർ. കേരളത്തിന്റെ പ്ലാന്റേഷൻ ടൂറിസത്തിന്റെ പുനർ രൂപകൽപ്പന, ഉത്തരവാദിത്വ ടൂറിസത്തിനുള്ള സാദ്ധ്യതകൾ, "പ്ലാന്റേഷൻ ടൂറിസം" - ടൂറിസം വ്യവസായത്തിൽ നിന്നുള്ള ഒരു കാഴ്ചപ്പാട്, ഉത്തരവാദിത്വ ടൂറിസത്തിൽ പരമ്പരാഗത വാസ്തുവിദ്യ നിലനിർത്തേണ്ടതിന്റെ പ്രാധാന്യം എന്നീ വിഷയങ്ങളെ അധികരിച്ചുകൊണ്ടു പ്രമുഖ വ്യക്തിത്വങ്ങൾ ക്ലാസുകൾ നയിച്ചു. 125 പേർ സെമിനാറിൽ പങ്കെടുത്തു<br><br>2. പ്ലാന്റേഷൻ മേഖലയിലെ കാർബൺ ട്രേഡിംഗിന്റെ സാധ്യതകളും പുത്തൻ പ്രവണതകളും സംബന്ധിച്ച വിഷയത്തിൽ എറണാകുളത്ത് വച്ച് 13.02.2023-ൽ സെമിനാർ സംഘടിപ്പിച്ചു. കേരളത്തിലെ പ്ലാന്റേഷൻ മേഖലയിലെ പ്രമുഖ സംരംഭകർ പങ്കെടുത്ത പ്രസ്തുത സെമിനാറിൽ കാർബൺ ട്രേഡിംഗിന്റെ സാധ്യതകളും പുത്തൻ പ്രവണതകളും സംബന്ധിച്ച് ഇന്ത്യയുടെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദഗ്ധരും ഫാക്കൽറ്റികളും |

| | | | |
|---|---|---|---|
| | | | വിവിധ വിഷയങ്ങൾ അവതരിപ്പിച്ചു. കാർബൺ ട്രേഡിംഗിലെ ഏറ്റവും പുതിയ പ്രവണതകളെയും രീതികളെയും കുറിച്ചുള്ള സമഗ്രമായ ചർച്ച നടന്ന സെമിനാറിൽ ട്രേഡിംഗ് പ്രക്രിയകൾ, വിപണിയിലെ പുതിയ പ്രവണതകൾ, കാർബൺ ട്രേഡിംഗ് സമ്പദ് വ്യവസ്ഥ, നിയമ നയങ്ങൾ എന്നീ വിഷയങ്ങൾ ഉൾപ്പെട്ടിരുന്നു. സെമിനാറിൽ പങ്കെടുക്കുന്നവർക്ക് കാർബൺ ക്രെഡിറ്റ് പ്രക്രിയയെക്കുറിച്ചും അതിന്റെ നേട്ടങ്ങളെക്കുറിച്ചും നടപ്പാക്കുന്നതിലെ ഘട്ടങ്ങളെക്കുറിച്ചും സമഗ്രമായ ധാരണ നൽകാനാണ് ലക്ഷ്യമിട്ടത്. 175 പേർ സെമിനാറിൽ പങ്കെടുത്തു<br><br>3. ആഗോളതലത്തിൽ കേരളാ പ്ലാന്റേഷൻ എന്ന കേരളാ ബ്രാൻഡ് ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള പ്രാഥമികമായ ചുവട് വയ്പ്പ് എന്ന നിലയിൽ തിരുവനന്തപുരം, കനകക്കുന്ന് സൂര്യകാന്തി എക്സിബിഷൻ ഗ്രൗണ്ടിൽ 17.02.2023 മുതൽ 19.02.2023 വരെ പ്ലാന്റേഷൻ മേഖലയ്ക്കായി ഒരു എക്സ്പോ സംഘടിപ്പിച്ചു. സംസ്ഥാനത്ത് രജിസ്റ്റർ ചെയ്ത പ്ലാൻറ്റേഷനുകൾ, തോട്ടം മേഖലയിലെ സഹകരണ സംഘങ്ങൾ, തോട്ടം മേഖലയുമായി ബന്ധമുള്ള വ്യാപാരികൾ, വിതരണക്കാർ, സേവന ഉപകരണ ദാതാക്കൾ എന്നിവർ എക്സ്പോയിൽ പങ്കെടുത്തു. എക്സ്പോയുടെ ഭാഗമായി 2023 ഫെബ്രുവരി 17,18 തീയതികളിൽ പ്ലാന്റേഷൻ മേഖലയുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിലായി പ്രഗത്ഭർ നേതൃത്വം നൽകിയ സെമിനാറുകളും സംഘടിപ്പിച്ചു. 100 സ്റ്റാളുകൾ ക്രമീകരിക്കുകയുണ്ടായി.<br><br>4. പ്ലാന്റേഷൻ മേഖലയിൽ തൊഴിലാളികൾക്കായി നൈപുണ്യ വികസന-പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിന്റെ മാർഗരേഖ തയ്യാറാക്കി കഴിഞ്ഞു.<br><br>5. പ്ലാന്റേഷൻ മേഖലയെ സംബന്ധിച്ച സമഗ്രമായ പഠനം നടത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. ഇതിലേയ്ക്ക് Expression of Interest ക്ഷണിച്ചിട്ടുണ്ട്.<br><br>2023-24 വർഷം പ്ലാന്റേഷൻ ഡയറക്ടറേറ്റിന്റെ പ്രവർത്തനങ്ങൾക്കായി 200 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. |
| (ബി) | തോട്ടങ്ങളിൽ ഇടവിളകൾ കൃഷി ചെയ്യുന്നതിനും നിശ്ചിത പ്രദേശം മറ്റ് ആവശ്യങ്ങൾക്ക് | (ബി) | തോട്ടങ്ങളിൽ ഇടവിളകൾ കൃഷി ചെയ്യുന്നതിനും മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനും നിലവിലെ നിയമപ്രകാരം അനുവദനീയമായ ഭൂപരിധിയിൽ, ടി |

| | | | |
|---|---|---|---|
| | ഉപയോഗിക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ? | | സാധ്യതകൾ പ്രയോജനപ്പെടുത്തുന്നത് പ്രോത്സാഹിപ്പിക്കുന്നതിന് പ്ലാന്റേഷൻ ഡയറക്ടറേറ്റ് മുഖേന നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇതിന്റെ പ്രാഥമിക നടപടിയായാണ് തോട്ടം മേഖലയിൽ ഉത്തരവാദിത്വ ഇക്കോ ടൂറിസം പദ്ധതികൾ പ്രോത്സാഹിപ്പിക്കുന്നതിനായി കോഴിക്കോട് വച്ച് 06.01.2023-ൽ ഒരു സെമിനാർ സംഘടിപ്പിച്ചത്. കേരളത്തിലെ പ്ലാന്റേഷൻ മേഖലയിൽ ഇക്കോ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നവീനവും പ്രായോഗികവുമായ വിവിധ സാധ്യതകൾ പ്ലാന്റേഷൻ മേഖലയിലെ സംരംഭകർക്ക് മുന്നിൽ അവതരിപ്പിക്കുന്നതിന് സെമിനാർ വഴി സാധിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്ലാന്റേഷൻ ടൂറിസത്തിന്റെ പുനർ രൂപകൽപ്പന, ഉത്തരവാദിത്വ ടൂറിസത്തിനുള്ള സാദ്ധ്യതകൾ, "പ്ലാന്റേഷൻ ടൂറിസം" - ടൂറിസം വ്യവസായത്തിൽ നിന്നുള്ള ഒരു കാഴ്ചപ്പാട്, ഉത്തരവാദിത്വ ടൂറിസത്തിൽ പരമ്പരാഗത വാസ്തു വിദ്യ നിലനിർത്തേണ്ടതിന്റെ പ്രാധാന്യം എന്നീ വിഷയങ്ങളെ അധികരിച്ചുകൊണ്ടു പ്രമുഖ വ്യക്തിത്വങ്ങൾ ക്ലാസുകൾ നയിച്ചിരുന്നു. കൂടുതൽ തുടർപ്രവർത്തനങ്ങൾ വരും വർഷങ്ങളിൽ നടപ്പിലാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ